## The Prayer Book

Holy service in the church attains its glory only by the prayer songs sung melodiously. Now-a-days prayer books are provided in the churches for systematic recital of prayers and songs. A good number of believers make use of the facility to make the service greaceful. But a few refuse to do so as they feel that they know everything in the prayerbook by heart. These experts are also enthusiastic in exhibiting their talents.

Once when the Sunday service was in full swing a self styled experienced character was doing lip service at his top volume. His words and prayers drowned in the sea of voice in the church. At one point, the prayer song not so familiar to the members, stopped abruptly and revived in a different tune. At this moment a shrieking voice reverberated the church hall embarrassing the crowded believers. Everybody's attention turned to the side from where the voice originated. There stood the experienced believer head drooping down. As the service continued, a fellow-believer offered a prayer book to our expert which he readily accepted and started a frantic search through its pages.

**Petson Peter C.**

### ജന്മദിനാശംസകൾ

നിയുക്തകാതോലിക്ക അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ 62-ാം ജന്മദിനത്തിൽ (ആഗസ്റ്റ് 30) എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ അംഗങ്ങൾ ഭക്തിപുരസരം ആശംസകൾ നേരുന്നു.



### ക്രിസ്തീയ വിശ്വാസം

ക്രിസ്തീയ വിശ്വാസം പ്രായമായതിനുശേഷം മാത്രം അറിയേണ്ടതല്ല. ശൈശവകാലം മുതൽ അറിഞ്ഞ് അംഗീകരിക്കേണ്ടതാണ്. കർത്താവായ യേശുവുമായുള്ള ബന്ധം ബാല്യകാലത്തുതന്നെ ആരംഭിക്കണം. എങ്കിൽ മാത്രമെ ജീവിതത്തിൽ ആഴമായി വിശ്വാസം ഉറയ്ക്കുകയുള്ളു.

ബാലമനസ്സിൽ പതിയുന്ന ആശയങ്ങൾ ഭാവിജീവതത്തെ രൂപപ്പെടുത്തുന്നു.

Compiled

Sponsored by : The Muthoot Group
A Muthoot M George Enterprise | Since 1887

### വൈവാഹികം

ഓർത്തഡോക്സ് യുവാവ് 29/162 B.E. Computer Science - Bangaloreൽ ജോലി ചെയ്യുന്നു. B.Tech, MCA, MBA പഠിച്ച കുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു
Contact Phone No :Off: 0484-2360092, Res :2390473

Advt

## കുടുംബവിശേഷങ്ങൾ

### മാമോദീസ

1. പൊറത്തൂർ സിജോ പി. ജോർജിന്റെയും വിനീതയുടേയും മകൻ ഹെവിൻ ഗ്രിഗറിന്റെ മാമോദീസ മെയ് 5ന് വെട്ടിക്കൽ ദയറായിൽവെച്ച് നടന്നു.
2. ചാത്തന്നൂർ കോയിപ്പുറം ശ്രീ. ജോർജ്ജ് ഏബ്രഹാമിന്റെയും ശ്രീമതി ശാന്തിയുടെയും മകൾ ശ്രീയ ഏലിസബേത്ത് ജോർജ്ജിന്റെ മാമോദീസ 2007 ജൂലൈ 29 ന് സെന്റ് മേരീസ് കത്തിഡ്രലിൽ നടന്നു.
3. മദ്രാസ് മണലേൽ പറമ്പാൽ ശ്രീ ജോൺ മാത്യുവിന്റെയും ശ്രീമതി മോനിഷയുടേയും മകൾ സൂസൻ മിറിയത്തിന്റെ മാമോദീസ 2007 ജൂലൈ 29ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.
4. കലൂർ ശ്രീ. ചീരൻ സിറിൽ മാത്യുവിന്റെയും ആനിയുടേയും മകൾ സൂസൻ മറിയ സിറിലിന്റെ മാമോദീസ 2007 ഓഗസ്റ്റ് 19 ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

### വിവാഹം



സെന്റ് ആൽബർട്ട്സ് ഹൈസ്ക്കൂൾ ലൈനിൽ പുലിക്കോട്ടിൽ ശ്രീ. പി. യു. കൊച്ചുണ്ണിയുടെയും ശ്രീമതി ജോളിയുടെയും മകൾ സിനിലയും ആലുവ കൂത്തൂറിൽ ശ്രീ.കെ.ഐ. ബാബുവിന്റെയും ശ്രീമതി മാഗിയുടെയും മകൻ മേബിനും തമ്മിലുള്ള വിവാഹം 2007 മേയ് 7ന് ആലുവ തൃക്കുന്നതു സെമിനാരിപള്ളിയിൽ നടന്നു.

പച്ചാളം ഉദയംചേരിൽ പരേതനായ ശ്രീ. വി.ജോസഫിന്റെയും ശ്രീമതി ഏലിയാമ്മയുടേയും മകൻ ബിജു നിർമ്മൽ ജേക്കബും, മണ്ണുകുന്നു മറ്റത്തിൽ ശ്രീ. ദേവസ്യായുടെയും ശ്രീമതി. റോസമ്മയുടെയും മകൾ ദീപയും തമ്മിലുള്ള വിവാഹം 2007 ഓഗസ്റ്റ് 19ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

പി.റ്റി. ഉഷ റോഡിൽ മൊണാർക്ക് ടവേഴ്സിൽ, വാടശ്ശേരിൽ ശ്രീ. തോമസ് ഫിലിപ്പിന്റെയും ശ്രീമതി റീനയുടേയും മകൻ ജെഫിയും അബുദാബി കരിപ്പള്ളിൽ ശ്രീ എബി ഏബ്രഹാമിന്റെയും ശ്രീമതി സിബിയുടെയും മകൾ സബീനും തമ്മിലുള്ള വിവാഹം 2007 ഓഗസ്റ്റ് 19ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

### നിര്യാതയായി

പള്ളിമുക്ക് ചർച്ച് ലാൻഡിങ് റോഡ് വിൽമണ്ട് പാർക്ക്, 5-എയിൽ, കുഞ്ഞമ്മ ഫിലിപ്പ് (101) നിര്യാതയായി. പുതുപ്പള്ളി കൊച്ചുപാറേട്ട് പരേതനായ ഡോ. തോമസ് ഫിലിപ്പിന്റെ ഭാര്യയും, മേപ്രാൽ കണിയാന്ത്ര പുത്തൻപറമ്പിൽ കുടുംബാംഗവുമാണ്. എളംകുളം സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തി.

### സഭാവിശേഷ ദിവസങ്ങൾ

**സെപ്തം. 8 ശനി** - ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ
**സെപ്തം. 14 വെള്ളി** - സ്ലീബാ പെരുന്നാൾ

**Editorial Board** : P.T. John (98951 43625), Thomas John (93886 22449), K. K. George(94470 40484), Mammen Abraham (94473 68886) & Suma Mathew (98460 25711) **Printed at** : RJ Press, Kaloor
**Edited & Published by :** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
*For Private Circulation only*



## എഡിറ്റോറിയൽ

### പ്രാർത്ഥനയുടെ ശക്തി

പ്രാർത്ഥനയെക്കുറിച്ച് മദർതെരേസ്സ പറഞ്ഞിട്ടുള്ള ഈ വാചകം ശ്രദ്ധേയമാണ്. "I do not pray for sucess, I ask for faithfulness". നാം എപ്പോഴും പ്രാർത്ഥിക്കുന്നത് നമുക്ക് എല്ലാവിധത്തിലും വിജയം വരിക്കുവാൻ ദൈവം സഹായിക്കണമെന്നാണ്. നല്ലവളും വിശ്വസ്തയും ആകാൻ സഹായിക്കണമെന്നാണ് മദർതെരെസ്സയുടെ പ്രാർത്ഥന.

എല്ലാദിവസവും രാവിലെ ദൈവസന്നിധിയിൽ നിശബ്ദമായി കുറച്ചു സമയമെങ്കിലും ചെലവഴിക്കണം. ദൈവഹിതം നമുക്ക് മനസ്സിലാക്കിത്തരുവാൻ ദൈവത്തോട് അപേക്ഷിക്കണം. നാം നിശബ്ദരായാലേ ദൈവത്തിന് നമ്മോട് സംസാരിക്കുവാൻ കഴിയുകയുള്ളു. അന്നന്നുചെയ്യേണ്ട കാര്യങ്ങൾ ദൈവം കാണിച്ചുതരുമെന്നുള്ള ഉത്തമവിശ്വാസം നമുക്കുണ്ടായിരിക്കണം. ഉറച്ച വിശ്വാസമുണ്ടെങ്കിൽ ഈ പാറയോട് നീങ്ങിപ്പോകുവാൻ പറഞ്ഞാൽ അതു നടക്കും എന്ന സുവിശേഷം പരീക്ഷിച്ച സ്ത്രീയെപ്പോലെ നാം ആകരുത്. സുവിശേഷപ്രസംഗം കേട്ടപ്പോൾ അവർക്ക് വലിയ സന്തോഷം തോന്നി. അവരുടെ വീടിനുമുമ്പിൽ വഴിയടച്ച് ഒരു പാറക്കൂട്ടമുണ്ടായിരുന്നു. അവർ വീട്ടിൽവന്ന് പാറക്കൂട്ടം മാറുവാൻവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനകഴിഞ്ഞ് കണ്ണുതുറന്നപ്പോൾ പാറക്കൂട്ടം അവിടെത്തന്നെയുണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞത് പാറക്കൂട്ടം മാറില്ലെന്ന് എനിക്കുറപ്പുണ്ടായിരുന്നു എന്നാലും ഞാൻ അത് ഒന്ന് പരീക്ഷിച്ചുനോക്കിയെന്നേയുള്ളു. നമ്മുടെ വിശ്വാസം ഇങ്ങനെയാകരുത്.

നാം ചോദിക്കുന്നതെല്ലാം ദൈവം തരും എന്ന വിശ്വാസം ശരിയല്ല. നമുക്കാവശ്യമുണ്ടെന്ന് ദൈവത്തിന് ബോദ്ധ്യപ്പെടുന്നതും, ദൈവം നമ്മെക്കൊണ്ട് ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾക്കായിരിക്കും മറുപടി ലഭിക്കുക. എങ്കിലും എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം തന്നെ നിറവേറട്ടെ എന്ന കർത്താവിന്റെ അപേക്ഷയും, ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരേണമേ എന്നു കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയും നമുക്ക് വഴികാട്ടിയാവണം.

നമുക്ക് നിറവേറ്റാൻ കഴിയാത്ത കാര്യങ്ങൾ ദൈവം നമ്മെ ഏൽപ്പിക്കുകയില്ല. വിക്കനായ മോശയെ ദൈവം യിസ്രായേൽ മക്കളെ നയിക്കാൻ തിരഞ്ഞെടുത്തതുപോലെ നമ്മെയും ദൈവ ഇഷ്ടപ്രകാരം നടത്തുമെന്ന് വിശ്വസിക്കണം.

മിക്കപ്പോഴും നാം പ്രാർത്ഥിക്കുന്നത് നമുക്കുവേണ്ടി മാത്രമാണ്. നമുക്ക്ചുറ്റും കഷ്ടതയനുഭവിക്കുന്ന ധാരാളം ആളുകളുണ്ട്. നമ്മുടെ ചുറ്റുപാടുകൾ അവരുടേതിനേക്കാൾ പലപ്പോഴും മെച്ചപ്പെട്ടതായിരിക്കും. എല്ലാ പ്രാർത്ഥനകളിലും രോഗികൾക്കും, കഷ്ടതയനുഭവിക്കുന്നവർക്കും വേണ്ടി കുറച്ചുസമയം മാറ്റിവയ്ക്കണം.

നമുക്ക് തന്നിരിക്കുന്ന എല്ലാ നല്ല ദാനങ്ങൾക്കുവേണ്ടിയും ദൈവത്തെ സ്തുതിക്കണം. അതുപോലെ നമുക്ക് വിഷമമുണ്ടാവുന്ന കാര്യങ്ങൾ സംഭവിക്കുമ്പോൾ ദൈവം അതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കിത്തരുവാൻ അപേക്ഷിക്കണം.

നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നമുക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. നമ്മുടെ കാര്യങ്ങൾ ദൈവം നോക്കിനടത്തിക്കൊള്ളുമെന്നു വിശ്വസിച്ചാൽ മാത്രം മതി.

## ഫാദർ പി.വി. ജോസഫ് - ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്താ



1966ലാണ് ഞാൻ പി.വി. ജോസഫച്ചനുമായി അടുത്ത് പരിചയപ്പെടുന്നത്. അന്ന് അദ്ദേഹം ബ്രിട്ടനിൽ വെയിൽസിലുള്ള കാൻഡിഫ് സെന്റ് മൈക്കിൾസ് തിയോളജിക്കൽ കോളജിൽ നിന്ന് വേദശാസ്ത്രപഠനം കഴിഞ്ഞ് തിരിച്ച്പോരും വഴി ബോംബെ, ദാദർ പള്ളിയിൽ വന്ന സമയം. വികാരിയായിരുന്ന ബഹു. സി.വി. ജോണച്ചൻ ജോസഫച്ചനെ അവിടെ ആക്കിയിട്ട് നാട്ടിൽ അവധിക്കുപോയി. ആ സമയത്താണ് ഞാൻ അവിടെ സഹപട്ടക്കാരനായി എത്തുന്നത്. അവധികഴിഞ്ഞ് ജോണച്ചൻ എത്തുന്നതുവരെ അവിടെ തുടർന്ന ജോസഫച്ചനുമായി നല്ല സൗഹൃദത്തിലാകുന്നതിന് അത് അവസരമായിത്തീർന്നു. നാലുവർഷങ്ങൾക്ക് ശേഷം നാട്ടിൽ തിരിച്ചെത്തിയ ഞാൻ എറണാകുളം സെന്റ് മേരീസ് പള്ളിയിൽ സഹപട്ടക്കാരനായി നിയമിതനായി. എറണാകുളം പള്ളിയിൽ എന്നെ പരിചയപ്പെടുത്തുന്നതും വികാരിയായിരുന്ന ജോസഫച്ചൻ തന്നെ. അന്നുമുതൽ അദ്ദേഹം എന്നെ ഒരു അനുജനെപ്പോലെ കരുതി ആവശ്യമായ ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി പ്രവർത്തിച്ചുപോന്നു. ആ സൗഹൃദവും അടുപ്പവും നാൾക്കുനാൾ വർദ്ധിച്ചുവന്നു.

എറണാകുളം പള്ളി വികാരിയായിരിക്കെ 1974-ൽ ജോസഫച്ചൻ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1975 ഫെബ്രുവരിയിൽ മെത്രാപ്പോലീത്തയായി. പള്ളിയിൽനിന്ന് ഏറെപ്പേർ മെത്രാപ്പോലീത്താവാഴ്ചയിൽ സംബന്ധിച്ചു. അന്നുതന്നെ രാത്രിയോടെ അദ്ദേഹത്തെ പള്ളിയിലേയ്ക്ക് ആനയിക്കുകയും ചെയ്തു. ലുത്തിനിയായ്ക്ക് ശേഷം പള്ളിയിൽ കൂടിയ വിശ്വാസികളെ ആശീർവദിച്ച് അനുഗ്രഹിച്ചു. തുടർന്ന് കുറച്ചുനാളത്തേക്ക് എറണാകുളം പള്ളിയായിരുന്നു അദ്ദേഹത്തിന്റെ അരമന. തിരുമേനിയോടുള്ള എറണാകുളം പള്ളിയുടെ സ്നേഹാദരവിന്റെ പ്രതീകമായി പള്ളിവകയായി ഒരു പുതിയ അംബാസഡർ കാർ (കെ.എൽ.എഫ്. 9797) സമ്മാനമായി നൽകി.

ആദ്യം കോട്ടയം ഭദ്രാസനത്തിന്റെ അസിസ്റ്റന്റായി നിയമിതനായി. തിരുമേനി 1976-ൽ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിതനാകുകയും വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ താമസമാക്കുകയും ചെയ്തു. നാശോത്മുഖമായിരുന്ന ദയറായുടെ ജീർണ്ണോദ്ധാരണം നടത്തി ഇന്നു കാണുന്ന മുഖഛായക്ക് തുടക്കമിട്ട അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോട് ദയറാ/സഭ ഏറെ കടപ്പെട്ടിരിക്കുന്നു എന്ന സത്യം വിസ്മരിക്കാവുന്നതല്ല. മലങ്കര സഭയുടെ സ്വയംശീർഷകത്വവും സ്വയംഭരണവും സഭയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യങ്ങളാണ് എന്ന് കരുതി പ്രവർത്തിച്ച തിരുമേനി വിപരീത സാഹചര്യങ്ങളെ അതിജീവിക്കുവാൻ ചെയ്ത പ്രവർത്തനങ്ങളുടെ ഫലമാണ് ഇന്ന് ഭദ്രാസനത്തിൽ കാണുന്ന ഏതാണ്ട് പതിമൂന്നോളം കതോലിക്കേറ്റ് ചാപ്പലുകളുടെ സ്ഥാപനം.

ദീർഘവീക്ഷണത്തോടെ അക്ഷീണം പ്രവർത്തിച്ചുവന്ന തിരുമേനി 1991 ജൂണിൽ ഹൃദ്രോഗബാധയെത്തുടർന്ന് കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചികിത്സക്കായി പ്രവേശിപ്പിക്കപ്പെട്ടു. മദ്രാസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ ബൈപ്പാസ് സർജറി നടത്താനുള്ള ഒരുക്കത്തിൽ

യാത്രാ ടിക്കറ്റെടുത്ത് തയ്യാറെടുത്തിരുന്ന തിരുമേനിയുടെ രോഗം പെട്ടെന്ന് മൂർഛിക്കുകയും 1991 ആഗസ്റ്റ് 19 വെളുപ്പിന് ആറരമണിക്ക് ശരീരപ്രകാരം ഇഹലോക ജീവിതത്തോട് വിടപറഞ്ഞ് ഇമ്പങ്ങളുടെ പറുദീസായിൽ പ്രവേശിച്ച് നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ജീവിക്കുന്നു. സ്വന്തം ഇടവകയായ മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് പള്ളിയിൽ അദ്ദേഹത്തെ കബറടക്കി.

വിശ്വാസതീക്ഷ്ണതയും സഭാസ്നേഹവും അതിന് ചേർന്ന പ്രവർത്തനങ്ങളും, മറ്റെന്തിനെക്കാളും ഉപരിയായി തിരുമേനിയിൽ ശോഭിച്ചു നിന്നിരുന്ന നിഷ്ഠയായ പ്രാർത്ഥനയും നോമ്പും ഉപവാസവും തിരുമേനിയുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകർന്നു. ഇമ്പമാർന്ന ആരാധനയും ശുശ്രൂഷകളും അതിൽ സംബന്ധിക്കുന്നവർക്ക് സ്വർഗ്ഗീയ അനുഭൂതി പകരുന്നവയായിരുന്നു. ശാരീരികമായും മാനസ്സികമായും സാമ്പത്തികമായും വ്യഥ അനുഭവിക്കുന്നവർക്ക് പള്ളിയുടെ ജീവകാരുണ്യ ഫണ്ടിൽ നിന്ന് നൽകുന്ന സഹായം കൂടാതെ സ്വന്തം നിലയിലും സഹായം നൽകി ആശ്വാസം പകർന്നു. സ്വന്തമായിചെയ്യുന്ന ഈ ദൃശ്യകാര്യങ്ങൾ മറ്റുള്ളവർ അറിയാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. അച്ചനിൽ നിന്ന് സഹായം സ്വീകരിച്ചവർ അനേകരാണ്. അച്ചനായിരുന്ന കാലത്തെ ക്രമമായ ഭവനസന്ദർശനവും മുടക്കംകൂടാതെയുള്ള ആശുപത്രി സന്ദർശനവും മൂലം അനേകർക്ക് ആശ്വസം പകാരാൻ തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. അനേകരുടെ മനസ്സിൽ ഒളിമങ്ങാത്ത അനുഭവമായി അവ നിലകൊള്ളുന്നു. തന്റെ ചുമതലയിൽപ്പെട്ട ഒരോ കുടുംബത്തെയും അടുത്തറിയുന്നതിനും അതിലെ ഓരോ അംഗങ്ങളെയും പേർചൊല്ലി വിളിക്കുവാനുമുള്ള കഴിവ് തിരുമേനിക്കുണ്ടായിരുന്നു.

അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയായി എന്നാൽ സാധാരണക്കാരിൽ സാധാരണക്കാരനെപ്പോലെ ജീവിച്ച തിരുമേനി എന്നും ആർക്കും അനുകരിക്കാനാവുന്ന ഒരു മാതൃകതന്നെ.

**ഫാദർ. ഒ.വി. ഏലിയാസ്**

## വികാരിയുടെ കത്ത്

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നമ്മൾ ആത്മാവിന്റെ ഫലമായ സൗമ്യത, സന്തോഷം, സമാധാനം എന്നിവയെക്കുറിച്ചാണല്ലോ ചിന്തിച്ചത്. സെപ്തംബർ മാസത്തിൽ നമുക്ക് വിശ്വസ്തതയെക്കുറിച്ച് ചിന്തിക്കാം.

വെളി. 17:14 ൽ മൂന്നുവിധത്തിലുള്ളവരെക്കുറിച്ചു പറയുന്നു. 1) വിളിക്കപ്പെട്ടവർ, 2) തിരഞ്ഞെടുക്കപ്പെട്ടവർ, 3) വിശ്വസ്തർ ഇവരാണ് ജയാളികൾ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷക്കാലത്ത് പെസഹാപെരുന്നാളിൽ യെരുശലേമിൽ ഇരിക്കുമ്പോൾ കർത്താവ് ചെയ്ത അടയാളങ്ങൾ കണ്ടിട്ട് പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു. യേശുവോ എല്ലാവരെയും അറികകൊണ്ട് തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേൽപ്പിച്ചില്ല (ജോൺ 2:23-24). വ്യക്തിപരമായ അനുഗ്രഹത്തിനാണ് അവർ വന്നത്. അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരുന്നു എന്നാൽ അവർ ജയാളികളല്ല.

ന്യായാധിപൻമാരുടെ പുസ്തകത്തിൽ (ന്യായ 7:1-8) മിദ്യാന്യരോട് യുദ്ധത്തിനായി യിസ്രായേല്യരായ 32000 പേർ വന്നു. എന്നാൽ ദൈവം 22000 പേരെ അവരിൽ നിന്നും മാറ്റി ബാക്കി 10000 പേരെ വെള്ളത്തിനടുത്തേയ്ക്ക് നടത്തി. പട്ടി നക്കി കുടിക്കുന്നതുപോലെ നാവുകൊണ്ട് നക്കികുടിച്ച 300 പേരെ ദൈവം തിരഞ്ഞെടുത്തു. പ്രിയമുള്ളവരെ 32000 പേരും യുദ്ധത്തിനു തയ്യാറായിവന്നവരാണ്. നേരത്തേ ഗിദയോൻ ഇവരോട് പട്ടി നക്കിക്കുടിക്കും പോലെ വെള്ളം കുടിക്കുന്നവരെയാണ് ദൈവം തിരഞ്ഞെടുക്കുക എന്നു പറഞ്ഞിരുന്നെങ്കിൽ എല്ലാവരും അങ്ങനെ ചെയ്യുമായിരുന്നു. എന്നാൽ അവരറിയാതെ ദൈവം അവരെ പരിശോധിച്ചു. 300 പേരെ അംഗീകരിച്ചു. ലോകം നമ്മെ അംഗീകരിക്കുന്നു എന്നതിനേക്കാൾ ദൈവം നമ്മെ അംഗീകരിക്കുന്നുണ്ടോ വിശ്വസ്തരായി ഏറ്റെടുക്കുന്നുണ്ടോ എന്നതാണ് പ്രധാനം.

അപ്പോസ്തലനയ പൗലോസ് പറയുന്നു. (1. തീമോ1:12) എനിക്കു ശക്തി നൽകിയ യേശുക്രിസ്തു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു.

മോശയെക്കുറിച്ച് തിരുവചനം പറയുന്നു (സംഖ്യ 12:7) എന്റെ ദാസനായ മോശയോ അങ്ങനെയല്ല അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തനാണ്. യഹോവയായ ദൈവം മോശയെക്കുറിച്ചു സാക്ഷ്യം പറയുന്നു. നമ്മെക്കുറിച്ചോ ? ഭർത്താവ് ഭാര്യയോട് വിശ്വസ്തത പുലർത്തണം, ഭാര്യ ഭർത്താവിനോട് വിശ്വസ്തത പുലർത്തണം. മക്കൾ മാതാപിതാക്കളോട് വിശ്വസ്തത പുലർത്തണം. സഹോദരി സഹോദരന്മാർ വിശ്വസ്തത പുലർത്തണം. തൊഴിലിളി തൊഴിലുടമയോട് വിശ്വസ്തനായിരിക്കണം. യജമാനനോട് ദാസൻ വിശ്വസ്തനായിരിക്കണം. സമൂഹത്തോട് നാം വിശ്വസ്തത പാലിക്കണം. അധികാരിസ്തന്മാർ വിശ്വസ്തരായിരിക്കണം. ദൈവവേലക്കാർ എല്ലാക്കാര്യത്തിലും വിശ്വസ്തരായിരിക്കണം. വിശ്വാസികൾ സഭയോട് വിശ്വസ്തരായിരിക്കം. പട്ടക്കാർ മേൽപ്പട്ടക്കാരോട് വിശ്വസ്തത പുലർത്തണം. മേൽപ്പട്ടക്കാർ ദൈവസന്നിധിയിൽ വിശ്വസ്തരായിരിക്കണം.

അധോലോക സംഘങ്ങളിൽ വിശ്വസ്തതയ്ക്ക് വലിയ വിലകൊടുക്കുന്നു. തന്റെ വലംകൈയായി പ്രവർത്തിക്കുന്നവനായാലും തന്നോട് അവിശ്വസ്തത കാണിച്ചു എന്ന് ബോദ്ധ്യം വന്നാൽ സംഘത്തലവൻ അവനെ ഇല്ലായ്മ ചെയ്യുന്നു - അയാൾ സംഘത്തിൽ എത്ര ഉന്നതനായാലും.

പ്രിയമുള്ളവരെ, അങ്ങിനെയെങ്കിൽ നാം ദൈവത്തോടും, സഭയോടും, ദൈവദാസന്മാരോടും, സമൂഹത്തോടും, സംഘടനയോടും, വീട്ടുകാരോടും എത്ര വിശ്വസ്തത പാലിക്കണം. അതിനായിട്ടല്ലോ നാം വിളിക്കപ്പെട്ടത്. നമ്മുടെ ജീവിതത്തിൽ, സംസാരത്തിൽ, കൊടുക്കൽ വാങ്ങലിൽ, പ്രവർത്തനങ്ങളിൽ നാം വിശ്വസ്തരാണോ എന്ന് നമുക്കുതന്നെ ഒന്നു പരിശോധിക്കാം. ജീവിതത്തിൽ ഒരു ക്രമീകരണം വരുത്തുവാൻ പരിശുദ്ധന്മാർ നമ്മെ സഹായിക്കട്ടെ.

ഞാൻ ഒരു കഥ കേട്ടിട്ടുണ്ട്. ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യത്തെ ബുദ്ധിസാമർത്ഥ്യമുള്ള യുവാക്കന്മാരിൽ നിന്നും ഒരു കൃഷിമന്ത്രിയെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. മിടുക്കന്മാരായ ചിലരെ കൊട്ടാരത്തിൽ വരുത്തി. ഓരോരുത്തരുടെ കൈയിലും 10 വെണ്ടയ്ക്കക്കുരു വീതം കൊടുത്ത് ഇത് നട്ടുവളർത്തി ഇരുപത്തിയഞ്ചാം ദിവസം തിരികെ കൊണ്ടുവരണം എന്നു പറഞ്ഞു. കൂട്ടത്തിൽ ജോയൻ എന്നയുവാവിനും വെണ്ടക്കക്കുരു കിട്ടി.

ഇരുപത്തിയഞ്ചാം ദിവസമായി. ഓരോരുത്തർ കൊട്ടാരത്തിൽ തങ്ങളുടെ വെണ്ടത്തൈകളുമായി വന്നു. എന്നാൽ ജോയലിന്റെ വെണ്ടക്കുരു കിളിർത്തില്ല. രാജാവ് ഓരോരുത്തരുടേയും വെണ്ടത്തൈ പരിശോധിച്ചു. എല്ലാം ഒന്നിനൊന്ന് മെച്ചം. ജോയലിന്റെ അടുക്കൽവന്നു രാജാവ് ചോദിച്ചു. താങ്കളുടെ വെണ്ടത്തൈ എവിടെ ? ജോയൽ ദുഃഖത്തോടെ കിളുർത്തില്ല എന്നു പറഞ്ഞു. രാജാവ് ഉടൻ പറഞ്ഞു. എല്ലാവർക്കും ഞാൻ തന്ന വെണ്ടക്കുരു ചൂടുവെള്ളത്തിൽ ഇട്ടതാണ്, അത് കിളിർക്കില്ല. എന്നിട്ടും നിങ്ങൾ അവിശ്വസ്തതകാണിച്ചു. ജോയൽ മാത്രം വിശ്വസ്തതയോടെ സത്യം പറഞ്ഞു. ഇവൻ തന്നെ നമ്മുടെ കൃഷിമന്ത്രി. ആകയാൽ നമ്മെ അറിയുന്ന ദൈവമുമ്പാകെ നമുക്ക് വിശ്വസ്തരായിരിക്കാം. പ്രാർത്ഥനയോടെ,

**ഇടമ്പാടത്തച്ചൻ**

## ഓർമ്മയിൽ നിന്ന്

### കാതോലിക്കാ ബാവാ - വിശിഷ്ടാതിഥി

വിദേശരാഷ്ട്രങ്ങളുടെയും വിദേശസഭകളുടെയും തലവന്മാരെ വിശിഷ്ടാതിഥികളായി പരിഗണിക്കുന്നതുപോലെ കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർ ഗീവർഗ്ഗീസ് കാതോലിക്കാ ബാവാ തിരുമേനിയേയും കേരള സർക്കാർ ആദരിച്ച് എറണാകുളം ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കുകയുണ്ടായി. നമ്മുടെ ഇടവകയുടെ പുതുക്കിപണിത ഇപ്പോഴത്തെ പള്ളിയുടെ കൂദാശയ്ക്ക് പരിശുദ്ധ കാതോലിക്കാ ബാവ എഴുന്നള്ളിയപ്പോഴാണ് ഇതിന് അവസരമുണ്ടായത്. ഇന്ന് പള്ളിയുടെ അടുത്തുകാണുന്ന കെട്ടിടം അന്നുണ്ടായിരുന്നില്ല. പള്ളിയുടെ പുനർനിർമ്മാണത്തിന് ശിലാസ്ഥാപനം നടത്തിയ 1961 ജനുവരി 15-ാം തീയതി തന്നെയാണ് പള്ളിയുടെ കൂദാശയും നടത്തിയത്. ആയതിനാൽ ജനു. 15 ഇടവകയുടെ പെരുന്നാൾ ദിനമായി കൂദാശമദ്ധ്യെ പരിശുദ്ധ ബാവാതിരുമേനി പ്രഖ്യാപിച്ചു. എട്ടുനോമ്പിന്റെ അവസാനത്തെ ഒരു പെരുന്നാൾ ആഘോഷം മാത്രമെ നമ്മുടെ ഇടവകയിൽ മുമ്പുണ്ടായിരുന്നുള്ളു.

**ടി. തോമസ്**

## ധ്യാനനിമിഷങ്ങൾ

### ദിനാന്ത്യവലോകനം

കഴിഞ്ഞ പ്രാവിശ്യം പ്രഭാതജാഗരണത്തെപ്പറ്റിയായിരുന്നു ചിന്തിച്ചത്. ഇപ്പോൾ ദിനാന്ത്യവലോകനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു വൃത്തം പൂർത്തിയാകും. ഉറങ്ങുന്നതിനുമുമ്പുള്ള ഒരു അവലോകനം ആത്മീയ വളർച്ചയ്ക്കും മാനസിക സ്വസ്ഥതയ്ക്കും ഏറ്റവും ആവശ്യമാണ്.

പല ബിസിനസ്സുകാരും ഓരോ ദിവസവും സ്റ്റോക്ക് പരിശോധിക്കുകയും ലാഭനഷ്ടങ്ങൾ കണക്കാക്കുകയും ചെയ്യുന്നു. അതവരുടെ വ്യാപാര പുരോഗതിയ്ക്കും പ്രവർത്തനവിജയത്തിനും വളരെ സഹായിക്കുന്നു. നഷ്ടങ്ങൾ മനസ്സിലാക്കി പരിഹരിക്കുവാനും ലാഭത്തിനുള്ള സാധ്യതകൾ അറിഞ്ഞ് അതനുസരിച്ച് പ്രതികരിക്കുവാനും അവർക്ക് കഴിയുന്നു. ഇതുപോലെ അനുദിന ജീവിതത്തിലും പുനരവലോകനം ആവശ്യമാണ്. പകലത്തെ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച് ഉറക്കത്തിനുപോകുന്നതിനുമുമ്പുള്ള സമയം റിവ്യൂ നടത്താം. പ്രഭാതത്തിൽ ഉണർന്നു പ്രവർത്തനം ആരംഭിച്ചതു മുതൽ എവിടെയെല്ലാം പോയി, ആരെയെല്ലാം കണ്ടു, എന്തെല്ലാം ചെയ്തു എന്നിങ്ങനെ വിശദമായി പരിശോധിക്കുമ്പോൾ ലഭിച്ച നേട്ടങ്ങളും സംഭവിച്ച പരാജയങ്ങളും നമ്മുടെ ശ്രദ്ധയിൽ വരാതിരിക്കുകയില്ല. നേട്ടങ്ങൾക്കും വിജയങ്ങൾക്കും ദൈവത്തെ സ്തുതിക്കുകയും, അവയ്ക്കു സഹായകരമായിത്തീർന്ന വ്യക്തികളെ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും ചെയ്യാം. പരാജയങ്ങൾ വാക്കിലും ചിന്തയിലും പ്രവർത്തിയിലും സംഭവിക്കാം. അവയെപ്പറ്റി ചിന്തിച്ച് അതിനുള്ള യഥാർത്ഥകാരണങ്ങൾ കണ്ടുപിടിക്കുകയും ദൈവത്തോട് മാപ്പപേക്ഷിക്കുകയുമാവാം. അങ്ങനെ ചെയ്യുമ്പോൾ മനസ്സിന്റെ സംഘർഷങ്ങളും പിരിമുറുക്കങ്ങളും മാറിക്കിട്ടും. അതു സുഖനിദ്രയ്ക്ക് വഴിയൊരുക്കുകയും ചെയ്യും.

അതിനുപകരം മദ്യത്തിന്റെ ലഹരിയിൽ സുഷുപ്തിയിലേയ്ക്കു വീഴാനാണ് പലരും ശ്രമിക്കുന്നത്. സുഖനിദ്രയ്ക്കു പകരം വികൃതങ്ങളായ സ്വപ്നങ്ങൾകണ്ട് അസ്വസ്ഥമായ മയക്കമാണ് അവർക്കുണ്ടാകുന്നത്. പ്രഭാതത്തിൽ ഉണരുമ്പോഴോ ഉന്മേഷവും ഉത്സാഹവുമില്ലാത്ത വിരസതയുടെ വികാരമായിരിക്കും. മാത്രമല്ല രാത്രിയുടെ ഹാങ്ങോവർ വിട്ടുകിട്ടാൻ കുറേ സമയം എടുക്കേണ്ടിവരും. അന്ധമായ പാശ്ചാത്യവൽക്കരണത്തിന്റെ ദോഷഫലമാണിത്. അതിനാൽ ഭാരതീയ സംസ്ക്കാരത്തിനു നിരക്കുന്നതും നമ്മുടെ ആത്മീയ വളർച്ചയ്ക്കുതകുന്നതുമായ പ്രഭാതജാഗരണവും ദിനാന്ത്യവലോകനവും പരീക്ഷിച്ചുനോക്കുക. നിങ്ങൾക്കു സന്തോഷവും സംതൃപ്തിയും ലഭിക്കാതിരിക്കില്ല.

**ഫാ. റ്റി. ജെ. ജോഷ**

## പഠനക്കുറിപ്പുകൾ

### മദ്ബഹാ

വി. കുർബ്ബാന അഥവാ നമ്മുടെ കർത്താവിന്റെ കാൽവറിയിലെ തിരുബലി മദ്ബഹായിലെ ത്രോണോസിൽ അർപ്പിക്കപ്പെടുന്നു. മദ്ബഹാ അപ്പോൾ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധറൂഹായുടെയും, മാലാഖമാരുടെയും സാന്നിദ്ധ്യംകൊണ്ട് സ്വർഗ്ഗമായിത്തീരുന്നു. ഇത്, യെരുശലേം ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലം പോലെയാണ്. ദൈവത്തിന്റെ പുരോഹിതനായിരുന്ന മൽക്കിസദേക്ക് ആരാധന നടത്തിയിരുന്ന ഗോഗുൽത്തായാണിത്. ആദാമിന്റെ കല്ലറയ്ക്കടുത്തുള്ള ഗോഗുൽത്താ. യേശുവിനെ ക്രൂശിക്കുവാൻ കുരിശുനാട്ടിയ സ്ഥലം. മാതാവും ശിഷ്യൻമാരും രക്തം വാർന്നൊഴുകുന്ന അരുമനാഥന്റെ തിരുശരീരം മനോവ്യഥയോടെ നോക്കിനിന്നതുപോലെ ത്രോണോസിലെ അപ്പ വീഞ്ഞുകളുടെ ദർശനത്തിൽകൂടി തന്റെ സാന്നിദ്ധ്യം നമുക്കും അനുഭവപ്പെടുന്നു. സീനായ് മലയുടെയും പറുദീസയുടെയും പ്രതീകം കൂടിയാണ് മദ്ബഹാ.

കടപ്പാട് : 'Our Church' by Very. Rev. Mundukuzhy Corepiscopa
വിവർത്തനം : P. T. John

## ഇവിടെയാണ് ക്രിസ്തുവിന്റെ രാജ്യം

ക്രിസ്തു സ്ഥാപിച്ച ഒരു സാമ്രാജ്യമുണ്ട് മനുഷ്യമനസ്സിൽ - ദൈവരാജ്യം. ദൈവരാജ്യത്തിലേയ്ക്ക് മനുഷ്യരെ ക്ഷണിച്ചപ്പോൾ ഒരു സംഘടനയിലേക്കോ സ്ഥാപനത്തിലേക്കോ ഭൂമിശാസ്ത്രപരമായ ഒരു മേഖലയിലേക്കോ, മറ്റേതോ ലോകത്തിലേക്കോ അല്ല യേശു നമ്മെ വിളിച്ചത്. ദൈവരാജ്യം എന്ന പ്രസ്ഥാനത്തിൽ പങ്കുചേരുവാനാണ് യേശു നമ്മെ വിളിച്ചത്.

കിരീടവും ചെങ്കോലുമില്ലാത്ത രാജാവായിരുന്നു ക്രിസ്തു. അടിമകളും, പാവങ്ങളും, മർദ്ദിതരും ആയിരുന്നു അദ്ദേഹത്തിന്റെ പ്രജകൾ.

പരസ്പര സ്നേഹത്തിലും കരുതലിലും അടിസ്ഥാനപ്പെട്ടതും ദൈവം നൽകിയിട്ടുള്ള അവകാശങ്ങൾ എല്ലാവർക്കും അനുഭവിക്കുവാൻ അവസരം നൽകുന്നതും എല്ലാ മനുഷ്യരും സ്വതന്ത്രരായിരിക്കുന്നതുമായ ഒരു സമൂഹം കെട്ടിപ്പടുക്കലാണ് ദൈവരാജ്യത്തിന്റെ ലക്ഷ്യം. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. ഇതു തന്നെയാണ് ദൈവരാജ്യത്തിന്റെ സൃഷ്ടി. അതായത് ഈ മണ്ണിൽ ദൈവഹിതം നടപ്പാക്കുന്നതാണ് ദൈവരാജ്യത്തിന്റെ മർമ്മം. മറ്റൊരുതരത്തിൽ പറഞ്ഞാൽ ദൈവരാജ്യം എന്നത് ഈ ലോകത്തിന്റെ തുടർച്ചയാണ്.

**റേച്ചൽ തോമസ്**, പനക്കാമറ്റം
(മർത്തമറിയസമാജം)

## യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണാനന്തരം പന്ത്രണ്ടു ശിഷ്യന്മാരുടെ ജീവിതാനുഭവങ്ങൾ

1. വി. ശിമോൻ പത്രോസ് : റോമാ ചക്രവർത്തി നീറോ, എ.ഡി. 68ൽ (70?) വി. പത്രോസിനെ കുരിശിൽ തറപ്പിച്ചു കൊലപ്പെടുത്തി.
2. വി. അന്ത്രയോസ് : ഏഷ്യാമൈനറിലും, കപ്പദോക്യയിലും ഗ്രീസിലും സുവിശേഷം അറിയിച്ചു. എ.ഡി. 62ൽ ക്രൂശിക്കപ്പെട്ടു.
3. വി. യാക്കോബ് : യഹൂദ്യയിലും, ശമറിയായിലും സ്പെയ്നിലും സുവിശേഷം പ്രചരിപ്പിച്ചു. ഹേറോദാവ് ഒന്നാമന്റെ ഉത്തരവു പ്രകാരം എ.ഡി. 44ൽ വാൾകൊണ്ട് കൊല്ലപ്പെട്ട് ആദ്യത്തെ രക്തസാക്ഷിയായി.
4. വി. യോഹന്നാൻ : എഫേസൂസ് കേന്ദ്രമാക്കി ഏഷ്യാമൈനറിൽ പ്രവർത്തിച്ചു. എ.ഡി. 95ൽ പദ്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ടു. എന്നാൽ അടുത്ത വർഷം തിരികെ വന്നു. 90 വയസ്സുള്ളപ്പോൾ സ്വാഭാവിക മരണം.
5. വി. ഫിലിപ്പോസ് : പേർഷ്യയിലും, ഏഷ്യാമൈനറിലും വചനഘോഷണം നടത്തി. എ.ഡി. 52ൽ (84?) ഹിരാപ്പോലിസിൽ കുരിശിൽ കയറ്റിയോ, കല്ലെറിഞ്ഞോ കൊലപ്പെടുത്തി.
6. വി. ബർത്തൊലൊമായി : ഏഷ്യാമൈനറിലും, പശ്ചിമേഷ്യൻ രാജ്യങ്ങളിലും പ്രവർത്തിച്ചു. കുരിശുമരണം.
7. വി. മത്തായി : യഹൂദ്യയിലും, എത്യോപ്യയിലും പ്രവർത്തിച്ചു. എ.ഡി. 60ൽ രക്തസാക്ഷിയായി.
8. വി. മാർത്തോമ്മാ : പേർഷ്യയിലും ഇന്ത്യയിലും മലേഷ്യയിലും, ചൈനയിലും സുവിശേഷ പ്രചാരണം നടത്തി. എ.ഡി. 58ൽ (68, 75, 90?) മദ്രാസിലെ മൈലാപ്പൂരിൽ രക്തസാക്ഷിയായി.
9. അല്ഫായിയുടെ മകനായ വി. യാക്കോബ് : അറേബിയയിലും, ഈജിപ്റ്റിലും പ്രവർത്തിച്ചു. എ.ഡി. 61ൽ പീഡനമേറ്റ് രക്തസാക്ഷിത്വം വഹിച്ചു.
10. വി. ശിമോൻ : എരിവുകാരനായ (കനാന്യനായ) ശിമോൻ സുവിശേഷഘോഷണം നടത്തിയ രാജ്യങ്ങൾ - സിറിയാ, ആഫ്രിക്ക, യൂറോപ്പ്. എ.ഡി. 74ൽ ക്രൂശിക്കപ്പെട്ടു.
11. വി. തദ്ദായി (സെന്റ് തദേവൂസ്) : അറേബ്യയിലും പേർഷ്യായിലും പ്രവർത്തിച്ചു. എ.ഡി. 74ൽ രക്തസാക്ഷിത്വം.
12. ഇസ്ക്കാർയോത്ത് യൂദാ : കർത്താവിനെ ഒറ്റിക്കൊടുത്തതിനു കൂലിയായി ലഭിച്ച മുപ്പത് വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞതിനു ശേഷം ചെന്ന് കെട്ടിത്തൂങ്ങിമരിച്ചു.

[വി. മത്ഥിയാസ് : കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം വി. മത്ഥിയാസിനെ യൂദാസിനു പകരം അപ്പോസ്തലനായിചേർത്തു. അദ്ദേഹം കപ്പദ്യോക്യയിലും അബിസ്സീനിയായിലും സുവിശേഷം അറിയിച്ചു.]